പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*385

25.06.2014ലെ മറുപടിയ്ക്ക്

## ജനനി - അഫോർഡബിൾ ഹൗസിംഗ് സ്കീം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. അൻവർ സാദത്ത്. | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (എ) & (ബി) ഉണ്ട്. വർദ്ധിച്ച സ്ഥലവില, നിർമ്മാണ സാധനങ്ങളുടെ വിലവർദ്ധനവ് എന്നിവമൂലം സ്വന്തം വീട് എന്ന ആവശ്യം യാഥാർത്ഥ്യമാക്കാൻ വിഷമിക്കുന്ന വീടില്ലാത്ത താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കും തൊഴിലാളികൾക്കും വേണ്ടിയാണ് ജനനി -അഫോർഡബിൾ ഹൗസിംഗ് സ്കീം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പദ്ധതിവഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്"; വിശദമാക്കുമോ; | (സി) ചെലവ് കുറഞ്ഞ ഏകദേശം 600-700 Sq-Feet വിസ്തീർണ്ണം ഉള്ള 2 ബെഡ് റൂമോട് കൂടിയ ഫ്ലാറ്റ് മോഡൽ വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇവർക്ക് പൊതുസ്ഥലം, കിന്റർഗാർട്ടൻ, വേസ്റ്റ് ഡിസ്പോസൽ സൗകര്യങ്ങൾ, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നീ സൗകര്യങ്ങളും പൊതുവായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പദ്ധതി നടപ്പിലാക്കുന്നതിന് 1956-ലെ കമ്പനി നിയമപ്രകാരം (സെക്ഷൻ -25) " ഭവനം ഫൗണ്ടേഷൻ കേരള " എന്ന കമ്പനി 11.01.2014-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 2013-14 ബഡ്ജറ്റിൽ സംസ്ഥാന ഗവൺമെന്റ് 20 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. |

Sreekala

സെക്ഷൻ ഓഫീസർ